ക്ലസ്റ്റർ വികാസ് യോജന പദ്ധതി

*10 [326] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

" ഡൊമിനിക് പ്രസന്റേഷൻ:

" വി. ഡി. സതീശൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ബോർഡിന്റെ മില്ലേനിയം ഡവലപ്പ്മെന്റ് മിഷൻ പ്രോഗ്രാമിന്റെ ഭാഗമായി യൂണിറ്റുകൾക്ക് പരിശീലനം നൽകുന്നതിനും അവയെ ആധുനീകരിക്കുന്നതിനുമുള്ള ക്ലസ്റ്റർ വികാസ് യോജന പദ്ധതി നടപ്പാക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) എങ്കിൽ കേരളത്തിൽ എത്ര യൂണിറ്റുകളിലാണ് പദ്ധതി നടപ്പാക്കുന്നത്;

(സി) കേരളത്തിൽ എത്ര യൂണിറ്റുകൾക്ക് ഈ ആനുകൂല്യം ലഭിച്ചു;

(ഡി) ഈ ക്ലസ്റ്ററുകൾ പ്രവർത്തനം തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ—ഡി) കയർ ബോർഡിന്റെ മില്ലേനിയം ഡവലപ്പ്മെന്റ് മിഷൻ പ്രോഗ്രാമിന്റെ ഭാഗമായി ക്ലസ്റ്റർ വികാസ് യോജന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എന്നാൽ ആയതിന്റെ പ്രൊപ്പോസൽ അംഗീകാരത്തിനായി കേന്ദ്രഗവൺമെന്റിലേയ്ക്ക് കയർ ബോർഡ് അയച്ചിട്ടില്ല. ഇതു സംബന്ധിച്ച പദ്ധതികൾ തയ്യാറാക്കി വരുന്നതേയുള്ളൂ. സംസ്ഥാനത്തിനുള്ള പ്രത്യേക പദ്ധതികൾ തയ്യാറാക്കുന്നതിനായി കയർ ബോർഡിനോടാവശ്യപ്പെട്ടിട്ടുണ്ട്.

മില്ലേനിയം ഡവലപ്പ്മെന്റ് മിഷൻ പ്രോഗ്രാം

*11 [327] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

" പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ബോർഡിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് മൂവായിരം കോടി രൂപയുടെ മില്ലേനിയം ഡവലപ്പ്മെന്റ് മിഷൻ പ്രോഗ്രാം നടപ്പാക്കാൻ ഉദ്ദേശ്യമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ തുകകൊണ്ട് എന്തെല്ലാം പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ;

(സി) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് അറിയിക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി ആന്റ് സി) മില്ലേനിയം ഡവലപ്പ്മെന്റ് മിഷൻ പ്രോഗ്രാമിൻകീഴിൽ താഴെപ്പറയുന്ന വികസന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഗ്രാമതലത്തിലും ബ്ലോക്കുതലത്തിലും സഹകരണ ബാങ്കുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ വികേന്ദ്രീകൃത തൊണ്ടു സംഭരണ കേന്ദ്രങ്ങളും തൊണ്ടു ശേഖരണ ബാങ്കുകളും സ്ഥാപിക്കുക. തൊണ്ടു തല്ലൽ, തൊണ്ട് അഴുക്കൽ, ചകിരി നിർമ്മാണ യൂണിറ്റുകൾ എന്നിവ പൊതു സൗകര്യങ്ങൾക്കായി ബ്ലോക്കുതലത്തിൽ സ്ഥാപിക്കുക. ആഭ്യന്തരവും വിദേശീയവുമായ കയറ്റുമതി വിപണികളെ ഉദ്ദേശിച്ച് ചകിരിച്ചോറിൽനിന്നും കൃഷിക്കും പൂന്തോട്ടങ്ങൾക്കും ആവശ്യമായ ജൈവവളം, ചകിരിച്ചോറുകൊണ്ടുള്ള ഇഷ്ടിക എന്നീ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക, കെട്ടിട നിർമ്മാണ സാമഗ്രികൾ, പാനലുകൾ, വാഹനങ്ങളിൽ ഉപയോഗിക്കാവുന്ന വിവിധതരം ബോർഡുകൾ, റബ്ബറൈസ്ഡ് മാറ്റുകൾ എന്നിവയുടെ ഉൽപ്പാദനത്തിന് വൻകിട യൂണിറ്റുകൾ ആരംഭിക്കുക. സ്വയം തൊഴിൽ സംരംഭകർക്കായി ക്ലസ്റ്ററുകൾ രൂപീകരിക്കുക, കയർ വികസനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തുക, കയറിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുക, പരിസ്ഥിതി സംരക്ഷണം, സ്ത്രീ പുരുഷ ശാക്തീകരണം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തൽ എന്നിവയ്ക്കായുള്ള പ്രത്യേക പദ്ധതികൾ, കയറ്റുമതി വർദ്ധനവിനുള്ള സഹായ നടപടികൾ, ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഉപയോഗം, കയർബോർഡിന്റെ ആഭിമുഖ്യത്തിൽ ഇൻഡ്യ ആകമാനമുള്ള കയർ വ്യവസായത്തിന്റെ നവീകരണം, മിലേനിയം ഡവലപ്പ്മെന്റ് മിഷൻ പദ്ധതിയിൽ വിഭാവന ചെയ്യുന്നു. എന്നാൽ ഇതു സംബന്ധിച്ച് പദ്ധതികൾ ആവിഷ്ക്കരിച്ച് വരുന്നതേയുള്ളൂ. ഇതിലേയ്ക്കായി ബാങ്കുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും പ്രതിനിധികളും, സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥരും കയർ ബോർഡ് പ്രതിനിധികളും കയർ വ്യവസായികളുടെ പ്രതിനിധികളുമായി ഒരു ചർച്ച നടത്തുവാനും കേരള സംസ്ഥാനത്തിനുവേണ്ടിയുള്ള ഒരു ആക്ഷൻ പ്ലാൻ പ്രസ്തുത ചർച്ചയിൽ രൂപവൽക്കരിക്കുവാനും ഉദ്ദേശിക്കുന്നതായി കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly